# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4328

04/02/2014-ൽ
മറുപടിയ്ക്ക്

### വോക്ക് വിത്ത് എ സ്കോളർ പദ്ധതി

**ചോദ്യം**

ശ്രീ.കെ.അച്ചുതൻ :
ശ്രീ.ആർ.സെൽവരാജ് :
ശ്രീ.എം.പി.വിൻസെന്റ് :
ശ്രീ.ഹൈബി ഈഡൻ :

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വോക്ക് വിത്ത് എ സ്കോളർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (എ) | കേരളത്തിലെ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ബിരുദതല വിദ്യാർത്ഥികളെ ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. ഓരോ കോളേജിലും തിരഞ്ഞെടുത്ത 30 വിദ്യാർത്ഥികൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം നേരിട്ട് ലഭിയ്ക്കുക. കോളേജിൽ ആദ്യവർഷ ബിരുദ കോഴ്സിൽ ചേരുന്ന ഒരു വിദ്യാർത്ഥിയുടെ ജീവിതലക്ഷ്യം കണ്ടെത്തി അതിലേക്ക് എത്തപ്പെടാൻ വിദ്യാർത്ഥിയ്ക്കുവേണ്ട പ്രചോദനവും പരിശീലനവും നൽകുക എന്നതാണ് ഈ പരിപാടിയുടെ മുഖ്യലക്ഷ്യം. മൂന്ന് വർഷവും വിദ്യാർത്ഥിക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കത്തക്ക വിധത്തിലാണ് പദ്ധതി ആവിഷ്കരിച്ചിരിയ്ക്കുന്നത്. ഓരോ വിദ്യാർത്ഥിയെയും കോളേജിലെ ഒരു ആന്തരിക ഉപദേഷ്ടാവിന്റെ (internal mentor) കീഴിലാക്കുന്നു. ഈ ഉപദേഷ്ടാവ് കോളേജിലെ ഒരു അദ്ധ്യാപകനോ അദ്ധ്യാപികയോ ആയിരിക്കും. വിദ്യാർത്ഥിയ്ക്കൊപ്പം സഞ്ചരിച്ച് വിദ്യാർത്ഥിയ്ക്കു വേണ്ട പിൻതുണ നൽകുക എന്നതാണ് ആന്തരിക ഉപദേഷ്ടാവിന്റെ മുഖ്യകർത്തവ്യം. അതോടൊപ്പം തന്നെ അനുയോജ്യമായ ബാഹ്യ ഉപദേഷ്ടാക്കളുടെ (external mentors) മാർഗ്ഗ നിർദ്ദേശ പരിപാടികളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നു. ഇതുവഴി വിദ്യാർത്ഥിക്ക് തന്റെ ലക്ഷ്യത്തിനനുസരിച്ച് മുന്നോട്ട് പോകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഏതെല്ലാം മേഖലകളിലെ വിദ്യാർത്ഥികളെ ആണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | 2013-14-ൽ ആരംഭിച്ച ഈ പദ്ധതി ഇപ്പോൾ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ബിരുദ കോഴ്സുകളിൽ പഠിയ്ക്കുന്ന 30 പേർക്കാണ് (ഒരു കോളേജിൽ) ബാധകമാക്കിയിരിയ്ക്കുന്നത്. ആർട്സ്, സയൻസ്, കൊമേഴ്സ് കോഴ്സുകളിൽ പഠിക്കുന്നവർക്കാണ് ഇതിന്റെ പ്രയോജനം ലഭിയ്ക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | വിദഗ്ദ്ധരുടെ ഉപദേശങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ; | (സി) | സ്ഥാപനത്തിനു പുറത്തുള്ള വിദഗ്ദ്ധരുടെ ഉപദേശം ലഭിക്കുന്നതിനായി നിശ്ചിത മണിക്കൂറുകൾ ബാഹ്യ ഉപദേഷ്ടാവിന് നൽകുന്നുണ്ട്. അവരെ നേരിട്ട് കാണാനും സംവദിക്കുവാനും അവരുടെ നേട്ടങ്ങളിൽ നിന്നും പ്രചോദനം നേടി മുന്നേറാനും ബാഹ്യ ഉപദേഷ്ടാവിന്റെ സാന്നിദ്ധ്യം സഹായിക്കുമെന്നും പ്രതീക്ഷിക്കുന്നു. |
| (ഡി) | എന്നു മുതലാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ? | | ഇത് 2013-14 വർഷം മുതൽ നടപ്പാക്കുന്നുണ്ട്. അന്ന് ആദ്യവർഷത്തിൽ പഠിച്ച തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ ഇപ്പോൾ, പദ്ധതിയുടെ രണ്ടാം വർഷത്തിലാണ്. 2014-15 -ൽ പുതിയ ഒരു ബാച്ചിനുകൂടി (30 കുട്ടികൾക്ക്) ഇതിന്റെ പ്രയോജനം സർക്കാർ കോളേജുകളിൽ ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ